**ശ്രദ്ധക്ഷണിക്കൽ**

മി. സ്പീക്കർ: ഓർഡർ, ഓർഡർ..... ശ്രദ്ധക്ഷണിക്കൽ രണ്ട് മൂന്ന് മിനിറ്റ് കൊണ്ട് അവതരിപ്പിക്കണം. മന്ത്രിമാർ മറുപടി ടേബിൾ ചെയ്താൽ മതി. പ്രത്യേകമായി പറയേണ്ടതുണ്ടെങ്കിൽ ഒന്നോ രണ്ടോ വാചകങ്ങളിൽ പറയാവുന്നതാണ്.

1. കരിമണൽ ഖനനം

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഇന്നത്തെ സമയപരിമിതി എനിക്ക് ബോധ്യമാണ്. എന്നാൽ ഞാൻ അവതരിപ്പിക്കുന്ന ശ്രദ്ധക്ഷണിക്കൽ വളരെ പ്രധാനപ്പെട്ട ഒന്നാണെന്ന് പറഞ്ഞുകൊള്ളട്ടെ. എന്റെ മണ്ഡലത്തിൽപ്പെട്ട ആലപ്പാട് ഗ്രാമപഞ്ചായത്ത് 16-17 കി.മീ. നീളത്തിൽ ടി.എസ്. കനാലിനും അറബിക്കടലിനും മധ്യേ സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണ്. അമൂല്യമായ ധാതുസമ്പത്തുകൊണ്ട് നിറഞ്ഞ ഒരു പഞ്ചായത്താണത്. ഏതാണ്ട് കൊല്ലവർഷം 1110 മുതലാണ് ആ പ്രദേശത്തെ ധാതുസമ്പത്ത് ഖനനം ആരംഭിച്ചത്. അന്ന് സ്വീകരിച്ച ഖനനരീതി സീ വാഷിംഗിലൂടെ മണ്ണെടുത്ത് മാറ്റുക എന്നതായിരുന്നു. ഈ അടുത്ത നാളുകൾവരെ ആ രീതി മാത്രമാണ് അവിടെ അവലംബിക്കപ്പെട്ടത്. അടുത്ത നാളുകളിൽ ഒരു ഡീപ് മൈനിംഗിന്റെ

സാധ്യത പരീക്ഷിച്ചു തുടങ്ങിയിട്ടുണ്ട്. അപ്പോഴും സീ വാഷിംഗ് തുടരുകയായിരുന്നു. നിരന്തരമായ കടലാക്രമണങ്ങളും സുനാമി പോലെയുള്ള മഹാദുരന്തങ്ങളും കൂടി ഏറ്റെടുക്കേണ്ടിവന്ന ഒരു പ്രദേശമെന്ന നിലയിൽ ആ പ്രദേശത്തിന്റെ വിസ്തൃതി വളരെയധികം നഷ്ടപ്പെടുകയും ഇന്ന് കടലും ഈ ടി.എസ്. കനാലും തമ്മിൽ 100 മീറ്റർ മാത്രം അകലമാണ് അവശേഷിക്കുന്നത്. അവിടുന്ന് ഏതാണ്ട് അയ്യായിരത്തോളം കുടുംബങ്ങൾ മാറിത്താമസിക്കേണ്ട സ്ഥിതി ഇതിനകമുണ്ടായിട്ടുണ്ട്. അവശേഷിക്കുന്ന ഭൂമി സംരക്ഷിക്കപ്പെടാനും അവിടത്തെ ജനങ്ങളുടെ ഭീതിക്കും ഉത്കണ്ഠയ്ക്കും പരിഹാരമുണ്ടാക്കാനും വേണ്ടത്ര കഴിയാതെവരുന്ന ഒരു പശ്ചാത്തലത്തിലാണ് ഇന്ന് നവമാധ്യമങ്ങളിലൂടെയും മറ്റ് വാർത്താമാധ്യമങ്ങളിലൂടെയും ലോകത്തിന്റെ തന്നെ ശ്രദ്ധ ആകർഷിക്കുന്ന തരത്തിൽ അവിടെ ഒരു സമരത്തിന് തുടക്കം കുറിക്കാൻ ഇടയായിട്ടുള്ളത്. നവംബർ ഒന്നിന് തുടങ്ങിയ "Save Alappad" എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ടുള്ള സമരം ഇപ്പോഴും തുടരുകയാണ്. ആ സമരം അവസാനിപ്പിക്കാൻവേണ്ടി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വ്യവസായ വകുപ്പുമന്ത്രിക്കും നിവേദനം നൽകിയിരുന്നു. ആ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിതന്നെ ഉന്നതലയോഗവും ജനപ്രതിനിധികളുടെ

യോഗവും വിളിക്കുകയും ചില ധാരണകളുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തു. തുടർന്ന് വ്യവസായ വകുപ്പുമന്ത്രി സമര സമിതിയുമായിതന്നെ നേരിട്ട് ചർച്ച നടത്തുകയുമുണ്ടായി. ഗവൺമെന്റിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളുമൊക്കെ അവിടെ രേഖപ്പെടുത്തിയില്ലെന്ന അഭിപ്രായം എനിക്കില്ല. തീർച്ചയായും വളരെ ആരോഗ്യകരമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട് എന്നത് ഓർത്തുകൊണ്ടുകൂടി തന്നെയാണ് ഞാൻ ഈ വിഷയം വീണ്ടും അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. പക്ഷേ സമരസമിതിക്ക് ആ വിഷയങ്ങളിൽ ഒരു പൊരുത്തമുണ്ടായില്ല. അതുകൊണ്ടുതന്നെ പരിഹാരമില്ലാതെ ആ സമരം തുടരുകയാണ്. ഇവിടെ നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, കൊല്ലവർഷം 1110-ൽ തുടങ്ങിയ ഈ ഖനന സംരംഭം ഇപ്പോഴും അഭംഗുരം തുടരുകയാണ്. അന്ന് സ്വകാര്യ മേഖലയിലായിരുന്നു ഖനനം നടന്നിരുന്നത്. എന്നാൽ 1962-ഓടുകൂടി അത് പൊതുമേഖലയിലേയ്ക്ക് മാറുകയും ഇന്ന് ഐ.ആർ.ഇ., കെ.എം.എം.എൽ. എന്നീ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ അവിടെ ഖനനം നടത്തുകയും ചെയ്യുകയാണ്. അതുമായി ബന്ധപ്പെട്ട് നൂറുകണക്കിന് തൊഴിലാളികളുടെ ജീവിത പ്രശ്നം ഉണ്ടെന്നുള്ളത് നമുക്ക് വിസ്മരിക്കാൻ കഴിയുന്ന കാര്യമല്ല.

അവിടെ കടലിന്റെ ആക്രമണത്തിൽനിന്ന് കരയെ സംരക്ഷിക്കാൻ 1972-75 കാലഘട്ടത്തിൽ നിർമ്മിച്ച കടൽഭിത്തി ഇന്ന് തകർന്ന് ഏതാണ്ട് വലിയ പ്രതിസന്ധിയിൽ എത്തിനിൽക്കുകയാണ്. പുലിമുട്ടുകളുടെ നിർമ്മാണം വേണ്ടത്രയുണ്ടായിട്ടില്ല. ഉണ്ടായ പുലിമുട്ടുകൾതന്നെ സുരക്ഷിതമല്ല. അത് സംരക്ഷിക്കപ്പെടാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ ഫലമായി കടലാക്രമണത്തിന്റെ വലിയ പ്രത്യാഘാതങ്ങൾ ആ പ്രദേശം ഏറ്റുവാങ്ങുകയാണ്. കാലോചിതമായ രീതിയിൽ ഭൂമിയുടെ നഷ്ടപരിഹാരം നൽകാൻ മാനേജ്മെന്റ് തയ്യാറാകാത്തതിന്റെ അസംതൃപ്തിയും പ്രതിഷേധവും അവിടെ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് കാലോചിതമായ രീതിയിൽ നഷ്ടപരിഹാരം നൽകിക്കൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട് എന്നുള്ളതാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്. അതുപോലെതന്നെ ആ നാട്ടിൽ പൂർണ്ണമായും ഇനി അവശേഷിക്കുന്ന സ്ഥലം സംരക്ഷിക്കപ്പെടണം. ജനങ്ങളുടെ ഭീതി അകറ്റണം. ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടികളുണ്ടാകണം. കടൽഭിത്തിയുടെ പുനർനിർമ്മാണവും പുലിമുട്ടുകളുടെ നിർമ്മാണവും യുദ്ധകാലാടിസ്ഥാനത്തിൽ നടത്താനുള്ള സമീപനം സ്വീകരിച്ചുകൊണ്ട് നടന്നുവരുന്ന സമരം എത്രയുംവേഗം

അവസാനിപ്പിക്കാനാവശ്യമായ മുൻകൈ തുടർന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ആ സ്ഥലം സന്ദർശിച്ച് വസ്തുതകൾ നേരിട്ട് ബോധ്യപ്പെടാനുള്ള അവസരമുണ്ടാകണം. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചുചേർത്ത് പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കണം എന്നതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): കേരളത്തിൽ മിനറൽ സാന്റ് അഥവാ കരിമണൽ എന്നറിയപ്പെടുന്നത് കേരളത്തിന് പ്രകൃതിദത്തമായി ലഭിക്കുന്ന വലിയൊരു ധാതുസമ്പത്താണ്. ഇത് ഏതാണ്ട് നീണ്ടകര മുതൽ കായംകുളം വരെയുള്ള 22 1/2 കിലോമീറ്റർ നീളത്തിൽ കടൽ അടിച്ചുകൊണ്ടുതരുന്ന ഒരു നിധിയാണ്. അറബ്‌രാജ്യങ്ങളിലൊക്കെ പെട്രോൾ ലഭിക്കുന്നതുപോലെ കേരളത്തിന് ലഭിക്കുന്ന വിലപിടിപ്പുള്ള ഒരു ധാതു വസ്തുവാണിത്. തിരുവിതാംകൂർ രാജഭരണ കാലഘട്ടം മുതൽ മൈനിംഗ് നടത്തിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ അവിടെ ഉയർന്നുവന്നിട്ടുള്ള പ്രശ്നം സംബന്ധിച്ച് വളരെ വിശദമായിത്തന്നെ ഗവൺമെന്റ് പരിശോധിക്കുകയുണ്ടായി. 22 1/2 കിലോമീറ്റർ നീണ്ടുനിൽക്കുന്ന നീണ്ടകര-

കായംകുളം പ്രദേശത്ത് ആലപ്പാട് വരുന്നത് 16 1/2 കിലോമീറ്ററാണ്. ആ 16 1/2 കിലോമീറ്ററിൽ 16 കിലോമീറ്ററിലും നല്ല കൽഭിത്തിയുണ്ട്. അര കിലോമീറ്ററിലാണ് ഈ കരിമണൽ ശേഖരിക്കുന്നത്. ഈ കരിമണൽ അടിച്ചുകൊണ്ടുവന്നാൽ അത് അപ്പോൾ ശേഖരിക്കുകയല്ല, അതാണ് ഈ സീ വാഷിംഗ്. പിന്നീട് അത് കരയിൽനിന്ന് കുഴിച്ചെടുക്കുന്നതാണ് ഇൻലാന്റിംഗ് സംവിധാനം. സീവാഷിംഗും ഇൻലാന്റിംഗും രണ്ടും നിർത്തണമെന്നുപറയുന്നത് ഏറ്റവും തെറ്റായിട്ടുള്ളതും കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതും നമുക്ക് പ്രകൃതി തരുന്ന സമ്പത്ത് ഉപയോഗിക്കുന്നതിനെതിരായുമുള്ള വാദഗതികളാണ്. ഇതുസംബന്ധിച്ച് പരിശോധിച്ച ഘട്ടത്തിൽ കേന്ദ്രഗവൺമെന്റ് സ്ഥാപനമായ I.R.E. (Indian Rare Earths)-യുമായി ചർച്ച ചെയ്തു. കരിമണൽ സീ വാഷിംഗ് നടത്തിയെടുക്കുമ്പോൾ 25% മാത്രമേ കരിമണൽ ധാതു ലഭിക്കൂ. വാഷിംഗ് നടത്തിക്കഴിഞ്ഞാൽ ബാക്കി വരുന്ന 75% ഇത് സംഭരിക്കുന്ന സ്ഥലത്തുള്ള കുഴികൾ തന്നെ നികത്തുകയാണ്. അങ്ങനെ നികത്തിയെടുക്കുന്നതാണ് അവിടത്തെ സ്ഥിതി. ഈ കരിമണൽ ശേഖരിക്കുന്ന ഭൂമി അതിന്റെ ഉടമകളിൽനിന്നും ഏറ്റവും കൂടുതൽ വിലകൊടുത്ത് ലീസിനെടുത്താണ് ഖനനം ചെയ്തുകൊണ്ടിരിക്കുന്നത്. കരിമണൽ

എടുത്തുകഴിഞ്ഞാൽ ഇത് നികത്തി അവർക്ക് തന്നെ തിരിച്ചുകൊടുക്കുകയാണ്. ഈ ആലപ്പാട് പ്രദേശത്തെ സംബന്ധിച്ച് വന്നിട്ടുള്ള ഒരു ആക്ഷേപം അത് ഇങ്ങനെ കരയടിച്ച് കൊണ്ടുപോകുന്നു എന്നുള്ളതാണ്. സാധാരണ ഈ കടൽ ചിലഭാഗങ്ങളിൽ കര അടിച്ചുതരും ചിലപ്പോൾ അടിച്ച് കൊണ്ടുപോകുകയും ചെയ്യും. ആലപ്പാട് വില്ലേജിന്റെ ആകെ വിസ്തീർണ്ണം 681.97 ഹെക്ടറാണ്. അതിൽ 9.95 ഹെക്ടർ സ്ഥലമാണ് കുറവ് വന്നുവെന്നുപറയുന്നത്. അതായത് 691.93 ഹെക്ടറാണ് മുൻപ് സർവ്വേയിലുണ്ടായിരുന്നത്. ഈ പറയുന്ന 9.95 ഹെക്ടർ നഷ്ടപ്പെട്ടത് കരിമണൽ ശേഖരിച്ചിട്ടല്ല. സുനാമി ദുരന്തം ഏറ്റവും കൂടുതൽ അനുഭവിച്ചത് ഈ ആലപ്പാട് പ്രദേശമാണ്, യഥാർത്ഥത്തിൽ നാം ഈ കരിമണൽ ശേഖരിച്ചതിന്റെ ഭാഗമായാണ് ഐ.ആർ.ഇ.എൽ. പ്രവർത്തിക്കുന്നത്. കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ ഈ കരിമണൽ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. ഐ.ആർ.ഇ.എൽ. എടുത്ത് ആ ധാതുമണൽ സംസ്കരിച്ച് കെ.എം.എം.എൽ-ന് കൊടുക്കുന്നു, കെ.എം.എം.എൽ. അതിനെ വാല്യൂ ആഡഡ് പ്രോഡക്ടായി മാറ്റി മാർക്കറ്റ് ചെയ്യുന്നു. വൻ വിലയുള്ള വലിയ സമ്പത്താണത്. ഈ സമ്പത്ത് പൂർണ്ണമായി കേരളത്തിന് ഉപയോഗിക്കാൻ സാധിക്കണം. ഇങ്ങനെ

സംഭരിക്കുമ്പോൾ ബഹുമാന്യനായിട്ടുള്ള എം.എൽ.എ. പറഞ്ഞതുപോലെ അവിടത്തെ പ്രദേശവാസികൾക്ക് ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിൽ അത് പരിഹരിക്കാൻ ഗവൺമെന്റ് ബാധ്യസ്ഥരാണ്. ഈ രണ്ട് സ്ഥാപനങ്ങളും അതിന്റെ ചുമതല ഏറ്റെടുക്കുകയും ചെയ്യും.

മി. സ്പീക്കർ : നല്ലൊരു പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ച് കൂടേ?

ശ്രീ. ഇ. പി. ജയരാജൻ: അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. ഈ ജനുവരി മാസം 16-ാം തീയതി (16-01-2019) അവിടെ ഇങ്ങനെയൊരു പ്രശ്നം ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുന്നത് ചാനലുകളിലൂടെയാണ്. അറിഞ്ഞപ്പോൾ തന്നെ മുഖ്യമന്ത്രി ഇത് സംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിൽ ഒരു യോഗം വിളിച്ചു. ആ യോഗത്തിൽ ബന്ധപ്പെട്ട കളക്ടറേയും ആ പ്രദേശത്തുള്ള ജനപ്രതിനിധികളെയെല്ലാം ഉൾക്കൊള്ളിച്ച് ഒരു വിശദമായ പരിശോധന നടത്തി. തൊട്ടടുത്ത ദിവസം തന്നെ അവിടെ സമരം നടത്തുന്നവരെ വിളിച്ചുവരുത്തിക്കൊണ്ടുള്ള ഒരു ചർച്ചയും ഞാൻ തന്നെ മുൻകൈ എടുത്തു നടത്തി. സമരം നടത്തുന്നത് ആരാണെന്നതുപോലും അറിഞ്ഞുകൂടായെന്നത് അപ്പോഴാണ് മനസ്സിലായത്. യഥാർത്ഥത്തിൽ പരിശോധിച്ചാൽ ആലപ്പാട് വാസികൾ വളരെ തുലോം കുറവാണ്.

പുറത്തുനിന്നുവന്ന് പലരും അവിടെ പ്രശ്നമുണ്ടാക്കുകയാണ്. അതുകൊണ്ട് ആലപ്പാട് ദേശവാസികൾക്ക് ഒരു തരത്തിലുള്ള പ്രയാസവും ഉണ്ടാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അവിടത്തെ കുഴികളെല്ലാം നികത്തി അവർക്ക് സുരക്ഷിതത്വം കൊടുക്കും. അവിടെയുണ്ടായിരുന്ന ഒരു പ്രശ്നം കൂടി ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ കരിമണൽ സ്വകാര്യമായി ശേഖരിച്ച് തമിഴ്നാടിലേയ്ക്ക് കടത്തിക്കൊണ്ടുപ്പോകുകയാണ്. കേരളത്തിൽ, പൊന്നിനേക്കാൾ വിലയുള്ള ഈ ധാതു കടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ജലം മുഖേനയും കര മുഖേനയും നടത്തിക്കൊണ്ടിരിക്കുന്ന ഈ കടത്ത് കർശനമായി തടഞ്ഞ് മുഴുവൻ ധാതുവും സംഭരിക്കാൻ കഴിഞ്ഞാൽ അത് വലിയ സമ്പത്തായിരിക്കും. ഞാൻ വിശ്വസിക്കുന്നത് ആലപ്പാട് ദേശവാസികൾ ഇതിനെ സഹർഷം സ്വാഗതം ചെയ്യുന്നുണ്ടെന്നാണ്. അവർക്കുള്ള ക്ഷേമ പ്രവർത്തനങ്ങളേതെങ്കിലും നടത്താൻ ഐ.ആർ.ഇ.എൽ., കെ.എം.എം.എൽ.-എന്നിവരുമായി പ്രശ്നം വന്നിട്ടില്ല. ഉണ്ടാകുന്നുണ്ടെങ്കിൽ തീർച്ചയായും പരിശോധിച്ച് ആവശ്യമായുള്ള എല്ലാ സുരക്ഷാ നടപടികളും സ്വീകരിക്കും. ബഹുമാനപ്പെട്ട കരുനാഗപ്പള്ളി എം.എൽ.എ. ശ്രീ. ആർ. രാമചന്ദ്രൻ

പറഞ്ഞതുപോലെ ഞാനും അദ്ദേഹവും അവിടെ പോയി അവിടത്തെ ജനങ്ങളുമായി ഈ കാര്യങ്ങളെക്കുറിച്ച് വിശദമായി പരിശോധിച്ച് ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തും. ജനങ്ങൾക്കാവശ്യമുള്ള സഹായങ്ങൾ നൽകും, ക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ഈ കരിമണൽ എടുത്തുകഴിഞ്ഞുള്ള ഭൂമി അവർക്കുതന്നെ നികത്തി തിരിച്ചുകൊടുക്കും. അതാണ് ഇന്ത്യയിലെ പല സംസ്ഥാനങ്ങളും ചെയ്തുകൊണ്ടിരിക്കുന്നത്. ആ നിലപാട് തന്നെയാണ് ഇവിടെ സ്വീകരിക്കുക. ഈ പ്രശ്നം അങ്ങനെ പ്രത്യേകിച്ച് ഗൗരവമായിട്ടുള്ളതല്ല. ബോധപൂർവ്വം നമ്മുടെ കേരളത്തിന്റെ സമ്പത്ത് കേരളത്തിന് ലഭ്യമാകാതിരിക്കാനുള്ള ചില ശക്തികൾ നടത്തിക്കൊണ്ടിരിക്കുന്ന ഒരു നടപടിയുടെ ഭാഗമാണിത്. പരിസ്ഥിതിയുടെ പേരു പറഞ്ഞുകൊണ്ട് നമ്മുടെ നാടിന്റെ നന്മയെ തുരങ്കം വയ്ക്കാൻ പുരോഗതിയെ തടസ്സപ്പെടുത്താൻ ശ്രമിക്കുന്ന ചില ശക്തികൾ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നുണ്ടെന്നുള്ള കാര്യവും നാം മനസ്സിലാക്കണം. ഇത്രയുമാണ് ഇത് സംബന്ധിച്ച് പറയാനുള്ളത്. ബഹുമാന്യനായിട്ടുള്ള എം.എൽ.എ. പറഞ്ഞ നിർദ്ദേശങ്ങളൊക്കെ തീർച്ചയായും പരിഗണിച്ചുകൊണ്ട് ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, അങ്ങ് പറഞ്ഞകാര്യത്തെ സംബന്ധിച്ച് എനിക്ക് വളരെ സന്തോഷമുണ്ട്. എത്രയും വേഗത്തിൽ തന്നെ അവിടെ സന്ദർശിക്കാനുള്ള സാഹചര്യമുണ്ടാകണം. ഒപ്പം ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശം കൂടി പരിഗണനയ്ക്ക് വിധേയമാക്കണമെന്നുള്ള ഒരഭിപ്രായമാണെനിക്കുള്ളത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, പുനരധിവാസം ഒരു പാക്കേജ് തന്നെയാണ്. അവിടെയുള്ള ആളുകളെ മാറ്റി പാർപ്പിക്കാനും വീട് നിർമ്മിച്ചുകൊടുക്കാനുമുള്ള പ്രത്യേക പദ്ധതികളുണ്ട്. അതനുസരിച്ച് അവിടെ പ്രവർത്തിക്കുന്നുമുണ്ട്. ഭൂമി നഷ്ടപ്പെടുന്നവർക്ക് തുല്യ ഭൂമിയും; വീട് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ..... ഈ പ്രദേശത്ത് അങ്ങനെ വീടൊന്നും നഷ്ടപ്പെട്ടിട്ടില്ല, ഇനി അങ്ങനെ ഉണ്ടാകുന്നുണ്ടെങ്കിൽ അതും തീർച്ചയായും പരിഗണിക്കും. കെ.എം.എം.എൽ.-ന്റെയും ഐ.ആർ.ഇ.എൽ.-ന്റെയും മൈനിംഗ് രംഗത്ത് ഇങ്ങനെ ഏതെങ്കിലും പ്രശ്നമുണ്ടാകുന്നുണ്ടെങ്കിൽ തിർച്ചയായും ഗവൺമെന്റ് അത് പരിഹരിക്കും. അടിയന്തരമായി ഞാനും ബഹുമാനപ്പെട്ട എം.എൽ.എ-യും അവിടെ പോയി കാര്യങ്ങളെല്ലാം ജനങ്ങളുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്.